# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യ നമ്പർ - 735 | 05.02.2020 ലെ മറുപടിയ്ക്ക് |
|---|---|

**അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ. ബാബു** | | **എ.കെ ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** |
| (എ) | അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനികളുടെ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട ഏജൻസികൾ ക്ക് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (എ) | അംബേദ്ക്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള കോളനികളുടെ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് ജില്ലാ-സംസ്ഥാന തലങ്ങളിൽ അവലോകന യോഗങ്ങൾ ചേർന്ന് ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി പ്രകാരം നെന്മാറ നിയോജകമണ്ഡലത്തിലെ , ഏതെല്ലാം കോളനികളെയാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തെരഞ്ഞെടുത്തിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെന്മാറ നിയോജക മണ്ഡലത്തിൽ നിന്നും അംബേദ്ക്കർ ഗ്രാമം പദ്ധതി പ്രകാരം പടിക്കൽപ്പാടം, നെന്മാറപ്പാടം എന്നീ രണ്ടു കോളനികളെ തെരെഞ്ഞെടുത്തിട്ടുണ്ട്. |
| (സി) | ഇതിൽ ഏതെല്ലാം കോളനികളുടെ പദ്ധതിയാണ് പൂർത്തീകരിച്ചതെന്നും, മറ്റുള്ളവ എന്ന് പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ? | (സി) | രണ്ട് കോളനികളുടെയും 80% പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2020 മാർച്ച് മാസത്തോടെ രണ്ട് പദ്ധതികളും പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ